## കേരളത്തിലെ ജില്ലാ നിയമ സേവന അതോറിറ്റികളുടെ വിലാസം

**തിരുവനന്തപുരം**
ജില്ലാ നിയമ സഹായ അതോറിറ്റി
എ.ഡി.ആർ.സെന്റർ, ജില്ലാ കോടതി സമുച്ചയം
വഞ്ചിയൂർ, തിരുവനന്തപുരം
ഫോൺ : 0471 - 2467700

**തൃശൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, സിവിൽ ലൈൻ ,
എ.ഡി.ആർ .സെന്റർ, അയ്യന്തോൾ, തൃശൂർ
ഫോൺ : 0487 - 2363770

**കൊല്ലം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കൊല്ലം
ഫോൺ : 0474 - 2791399

**പാലക്കാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പാലക്കാട്,
ഫോൺ : 0491 - 2505665

**പത്തനംതിട്ട**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പത്തനംതിട്ട
ഫോൺ : 0468 - 2220141

**മലപ്പുറം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, മഞ്ചേരി,
മലപ്പുറം, ഫോൺ : 04832 - 762220

**കോട്ടയം**
ജില്ലാ നിയമ സഹായ അതോറിറ്റി, A.D.R. സെന്റർ
മലങ്കര ക്വാർട്ടേഴ്സിന് സമീപം
മുട്ടമ്പലം പി.ഒ, കോട്ടയം,
ഫോൺ : 0481 - 2572422

**കോഴിക്കോട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കോഴിക്കോട്,
ഫോൺ : 0495 - 2366044

**ആലപ്പുഴ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, ആലപ്പുഴ
ഫോൺ : 0477 - 2262495

**വയനാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കൽപ്പറ്റ, വയനാട്
ഫോൺ : 04936 - 207800

**ഇടുക്കി**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
തൊടുപുഴ ,ഇടുക്കി
ഫോൺ : 04862 - 255383

**കണ്ണൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, തലശ്ശേരി,
കണ്ണൂർ, ഫോൺ : 0490 - 2344666

**എറണാകുളം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി അനക്ഷർ സമുച്ചയം,
എ .ഡി.ആർ .സെന്റർ, കലൂർ, എറണാകുളം,
ഫോൺ : 0484 - 2344223

**കാസർഗോഡ്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കാസർഗോഡ്
ഫോൺ : 04994 - 256189

**സാകേതം (നിയമ സഹായ കേന്ദ്രം) : 0484 – 2396817**
**സാകേതം ഹെൽപ് ലൈൻ : 1516 (ഓഫീസ് സമയങ്ങളിൽ)**
**കെൽസ ഹെൽപ് ലൈൻ : 9846700100 ( 24 മണിക്കൂർ)**

न्याय सब के लिए
ACCESS TO JUSTICE FOR ALL

# കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി

# മുതിർന്ന പൗരന്മാർക്കുള്ള നിയമസേവന പദ്ധതി 2016


നിയമ സഹായ ഭവൻ, ഹൈക്കോർട്ട് കോമ്പൗണ്ട്
എറണാകുളം, കൊച്ചി– 682031, ഫോൺ : 0484 – 2396717
Website : www.kelsa.nic.in E-mail : kelsakerala@gmail.com

# മുതിർന്ന പൗരന്മാർക്കുള്ള നിയമസേവന പദ്ധതി, 2016

മുതിർന്ന പൌരൻമാർക്കുള്ള ദേശീയ നയം, 2011 പ്രകാരം ഇൻഡ്യൻ ജനസംഖ്യയുടെ ഏകദേശം എട്ട് ശതമാനം പേർ 60 വയസ്സിനു മുകളിലുള്ളവരാണ്. ഇത് ലോകത്തെ മൊത്തം മുതിർന്ന പൗരന്മാരുടെ ജനസംഖ്യയുടെ 1/8 ശതമാനം വരും. അവർ സാമൂഹികമായും, ശാരീരികമായും, മാനസീകമായും, സുരക്ഷിതത്വപരമായും, സാമ്പത്തികമായും, അനവധി, വെല്ലുവിളികൾ നേരിടുന്നു.

## ഉദ്ദേശലക്ഷ്യങ്ങൾ

- മുതിർന്ന പൗരന്മാർക്ക് താലൂക്ക്, ജില്ലാ, സംസ്ഥാന, ദേശീയ തലങ്ങളിൽ നൽകിവരുന്ന നിയമസഹായവും, പ്രതിനിധ്യവും, നിയമോപദേശവും, പ്രബോധനവും കൂടുതൽ ശക്തിപ്പെടുത്തുക
- വിവിധ നിയമ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തുവാൻ അവരെ പ്രാപ്തരാക്കുക
- അവർക്കു വേണ്ടിയുള്ള സർക്കാർ പദ്ധതികളും, കർമ്മ പരിപാടികളും അവരിലേക്കെത്തുന്നു എന്ന് ഉറപ്പു വരുത്തുക.
- കൃത്യമായ ആരോഗ്യ സുരക്ഷാ സൗകര്യങ്ങൾ അവരിലേക്കെത്തിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക
- പോലീസും,ആരോഗ്യ സുരക്ഷ അധികാരികളും ജില്ലാ ഭരണകൂടവുമായി ചേർന്ന് ആരോഗ്യ സുരക്ഷാ സൗകര്യങ്ങളും, ശാരീരികവും സാമൂഹികവുമായ സുരക്ഷിതത്വവും അവരിലേക്കെത്തിക്കുന്നതിനുള്ള നടപടികൾ ഉറപ്പുവരുത്തുക.
- മുതിർന്ന പൗരന്മാർക്ക് അന്തസ്സുള്ള ജീവിതം നയിക്കുവാനും അവർക്ക് അവകാശപ്പെട്ട എല്ലാ ആനുകൂല്യങ്ങളും അവർ ആസ്വദിക്കുന്നു എന്നും ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം

## കർമ്മ പദ്ധതി

- മുതിർന്ന പൗരന്മാരെ സംബന്ധിച്ച് സംസ്ഥാന തലത്തിലും കേന്ദ്ര തലത്തിലും നിലവിലുള്ള എല്ലാ പദ്ധതികളുടെയും നയങ്ങളുടെയും വിവര ശേഖരം നടത്തി അവ ചെറു പുസ്തക രൂപത്തിലോ ലഘുരേഖയായോ ക്രമപ്പെടുത്തി അവർക്കു വിതരണം ചെയ്യുന്നു .
- സ്വന്തം ജീവിതമാർഗ്ഗമില്ലാത്ത മുതിർന്ന പൗരന്മാർക്കായി വൃദ്ധ സദനങ്ങൾ തുറക്കുന്നതിനായി ജില്ലാ, സംസ്ഥാന, നിയമ സേവന അതോറിറ്റികൾ മുൻകൈയെടുത്ത് സർക്കാരുമായി ചേർന്ന് നടപടികൾ കൈക്കൊള്ളുന്നു.
- വൃദ്ധ സദനങ്ങൾ സന്ദർശിക്കുകയും അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ എന്നും അവരോട് മാന്യമായി ഇടപെടുന്നുണ്ടോ എന്നും ഉറപ്പു വരുത്തുന്നു.
- അവരുടെ അവകാശങ്ങളെക്കുറിച്ചും അവരോട് മാന്യമായ രീതിയിൽ ഇടപെടേണ്ടുന്നതിനെക്കുറിച്ചും നിയമ സേവന അതോറിറ്റികൾ അവബോധന ക്ലാസുകൾ വഴി സമൂഹത്തിലെ വിവിധ ഭാഗങ്ങളെ ബോധവൽക്കരിക്കുന്നു.
- സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാൻ ജില്ലാ, സംസ്ഥാന നിയമ സേവന അതോറിറ്റികൾ, മുതിർന്നപൗരൻമ്മാരെ സഹായിക്കുകയും പിന്തുണക്കുകയും ചെയ്യുന്നു.